**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക സ്വയംപര്യാപ്ത സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കാർഷികമായി സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യോൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു.<br><br>കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേകപൂർണ്ണവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു.കേരളത്തിന്റെ പൊതു സമൂഹത്തിൽ കൃഷിയുടെ പ്രാധാന്യം അറിയിക്കുവാനും കൃഷി ചെയ്യുവാൻ താല്പര്യമുള്ള മുഴുവൻ ജനവിഭാഗത്തേയും കൃഷിയിലേക്ക് കൊണ്ട് വരുവാനും ഉദ്ദേശിച്ച് ആരംഭിച്ച ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയും തുടർന്ന് ഉല്പാദന |

സേവന വിപണന മൂല്യവർദ്ധിത മേഖലയിലുണ്ടായ കൃഷിക്കൂട്ടങ്ങളും കാർഷികമേഖലയിൽ ചലനങ്ങളുണ്ടാക്കിയിട്ടുണ്ട്. കർഷകർ/ കൃഷികൂട്ടങ്ങൾ ചേർന്ന് രൂപീകരിച്ച കർഷക ഉല്പാദന സംഘടനകൾ കർഷകരുടെ വരുമാന വർദ്ധനവിനും നവീന വിപണി ഇടപെടലുകൾക്കും പിന്തുണ നൽകുന്നുണ്ട്.

വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന 'കേരരക്ഷാവാരം' പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വിള വൈവിധ്യവത്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതി നടപ്പിലാക്കുന്നു.

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്കരണ മേഖലയിൽ അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു.

നഷ്ട സാധ്യത ലഘൂകരിക്കുവാൻ വേണ്ടി പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും, കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി, വന്യമൃഗ ശല്യം ചെറുത്ത്

| | | | |
|---|---|---|---|
| | | | നിൽക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ സഹായത്തോട് കൂടി നടപ്പിലാക്കുന്ന പ്രത്യേക പ്രോജക്ട് എന്നിവ നടപ്പിലാക്കുന്നുണ്ട്.<br><br>നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തു കൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, കൃഷി ഹബ് തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജസ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.<br><br>ഇതോടൊപ്പം ജൈവകൃഷി വികസനം, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, വിപണി വികസനം, കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള പദ്ധതി, പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവ നടപ്പിലാക്കി വരുന്നു.<br><br>**കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളായ കാലാവസ്ഥാ വ്യതിയാനം, കൃഷിയിൽ വന്യമൃഗ ശല്യം, കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, കാർഷിക തൊഴിലാളി ക്ഷാമം എന്നിവ മേൽ പറഞ്ഞ പദ്ധതികളിലൂടെ അഭിസംബോധന ചെയ്യുന്നു. കാർഷികമേഖലയിലെ ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന 'കേര പദ്ധതിയ്ക്ക്' തത്വത്തിൽ അനുമതി ലഭ്യമായി കഴിഞ്ഞു.പദ്ധതി പ്രവർത്തനപഥത്തിൽ വരുന്നതോടെ കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം മൂല്യവർദ്ധന മേഖലയിലും കാര്യക്ഷമമായ ഇടപെടലുകൾ സാധ്യമാകും.** |
| (ബി) | കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | എ പിരിവ് കണ്ടാലും |

| | | | |
|---|---|---|---|
| (സി) | കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ജില്ലാ - സംസ്ഥാന തലങ്ങളിൽ പ്രത്യേക സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കാർഷിക വികസന സമിതികൾ നടത്തുന്നുണ്ട്. കർഷകരുടെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനായി പ്രതിമാസ MTA യോഗങ്ങൾ ATMA വഴി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരുമായി സംവദിയ്ക്കുന്നതിനും കാർഷികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി മുഖാമുഖം (ഇന്റർഫേസ്) പരിപാടികളും എല്ലാ വർഷവും സംഘടിപ്പിക്കുന്നുണ്ട്.<br><br>കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽ തന്നെ കാണുന്നതിനുമായി രൂപീകരിച്ച പദ്ധതിയായ കൃഷി ദർശൻ പരിപാടിയിലൂടെയും കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ നേരിട്ട് അറിയിക്കാനും പരിഹാരം തേടാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ